**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6039** **09-11-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ സാമൂഹിക വനവൽക്കരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹിക വനവൽക്കരണവുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | സാമൂഹിക വനവത്ക്കരണവുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ ഹരിതകേരളം പദ്ധതി പ്രകാരം സ്കൂളുകൾക്കും കോളേജുകൾക്കും സൗജന്യമായി വൃക്ഷത്തൈകൾ വിതരണം ചെയ്യുന്ന പദ്ധതി, വെറ്റ് ലാൻറ് കൺസർവേഷൻ, കടലാമ സംരക്ഷണം, കാവ് സംരക്ഷണം, വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമപ്രകാരം കർഷകർക്ക് പ്രോത്സാഹന ധനസഹായം നൽകൽ, കണ്ടൽക്കാട് സംരക്ഷണം, മികച്ച ജൈവവൈവിദ്ധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വനമിത്ര അവാർഡ്, സ്കൂളുകളിൽ വിദ്യാവനം തുടങ്ങിയ പദ്ധതികൾ നടത്തി വരുന്നു. |
| (ബി) | ഹരിത കേരളം പദ്ധതിയിലൂടെ പ്രസ്തുത ജില്ലയിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | ഹരിതകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് ഓരോ വർഷവും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, സംഘടനകൾക്കും, മാധ്യമസ്ഥാപനങ്ങൾക്കും, ഗവൺമെൻറ് സ്ഥാപനങ്ങൾക്കും, മതസംഘടനകൾക്കും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും തൈകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്തു വരുന്നുണ്ട്. |
| (സി) | സാമൂഹിക വനവൽക്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ ചെലവഴിച്ച ഫണ്ട് എത്രയെന്ന് അറിയിക്കാമോ? | (സി) | സാമൂഹിക വനവൽക്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ 2021 വർഷത്തിൽ വെറ്റ് ലാൻറ് കൺസർവേഷൻ, കടലാമ സംരക്ഷണം, ഹരിതകേരളം, കാവ് സംരക്ഷണം, വനമിത്ര അവാർഡ് എന്നിവയ്ക്കായി യഥാക്രമം ₹ 5,14,191 , ₹1,50,000, ₹38,91,394, ₹5,42,000, ₹25,000 എന്ന പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ